"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം വെള്ളായണി ദേവീ ക്ഷേത്രത്തിലെ കാളിയൂട്ട് മഹോൽസവം 2026 - വൈദ്യുതി ചാർജ്ജ് ഇനത്തിൽ ആവശ്യമായി വരുന്ന തുക കല്ലിയൂർ ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.424/2026/LSGD    തീയതി,തിരുവനന്തപുരം, 18-02-2026

---

പരാമർശം:-

1. കല്ലിയൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 29/01/2026 തീയതിയിലെ 9(1) നമ്പർ തീരുമാനം.
2. കല്ലിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച 31/01/2026 തീയതിയിലെ 6097604/25 നമ്പർ കത്ത്.
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 06/02/2026 തീയതിയിലെ LSGD/PD/4106/2026-GEB4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലയിലെ കല്ലിയൂർ ഗ്രാമപഞ്ചായത്തിലെ വെള്ളായണി ദേവീ ക്ഷേത്രത്തിലെ കാളിയൂട്ട് മഹോൽസവം 2026 ഫെബ്രുവരി 15 ന് തുടങ്ങി ഏപ്രിൽ 23ന് അവസാനിക്കുന്ന എന്നും 70 ദിവസം നീണ്ടുനിൽക്കുന്ന ഉത്സവത്തിന് താത്കാലിക വൈദ്യുതി കണക്ഷനും വൈദ്യുതി ചാർജ്ജ് ഇനത്തിലും ആവശ്യമായി വരുന്ന ₹2,93,495/-(രണ്ടു ലക്ഷത്തി തൊണ്ണൂറ്റിമൂന്നായിരത്തി നാനൂറ്റി തൊണ്ണൂറ്റഞ്ച് രൂപ മാത്രം) പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ചെലവ് ചെയ്യുന്നതിനായി കല്ലിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച പരാമർശം (2) ലെ അപേക്ഷ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (3) പ്രകാരം ശിപാർശ ചെയ്ത് സമർപ്പിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കല്ലിയൂർ ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന വെള്ളായണി ദേവീക്ഷേത്രത്തിലെ കാളിയൂട്ട് ഉത്സവത്തിന് തെരുവ് വിളക്കിനും ഉത്സവാദികൃത്യങ്ങൾക്കുമായി താത്കാലിക വൈദ്യുതി കണക്ഷനും വൈദ്യുതി ചാർജ്ജ് ഇനത്തിലും കെ.എസ്.ഇ.ബി. നേമം സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ

എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ₹2,93,495/-(രണ്ടു ലക്ഷത്തി തൊണ്ണൂറ്റിമൂന്നായിരത്തി നാനൂറ്റി തൊണ്ണൂറ്റഞ്ച് രൂപ മാത്രം) കല്ലിയൂർ ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ഭരണസമിതി തീരുമാനത്തിന് വിധേയമായി അനുവദിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
സെക്രട്ടറി,കല്ലിയൂർ ഗ്രാമപഞ്ചായത്ത്
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ഐ & പി.ആർ.ഡി/വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sindhumole K A
സെക്ഷൻ ഓഫീസർ
Date: 18-02-2026 13:41:59

പകർപ്പ് : ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്.